No. DCA/2931/16/SCOLE-Kerala Date: 19.10.2016

# ഡി.സി.എ പഠനകേന്ദ്രങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

## പ്രിൻസിപ്പാളിന്റെ ചുമതലകൾ

- കോഡിനേറ്റിംഗ് അധ്യാപകന് നൽകിയിട്ടുള്ള ചുമതലകളുടെ മേൽനോട്ടം വഹിച്ച് സമ്പർക്ക ക്ലാസുകളുടെ സംഘാടനം ഉറപ്പു വരുത്തേണ്ടതാണ്.
- ഡി.സി.എ കോഴ്സിന്റെ പൂർണ ചുമതല പ്രിൻസിപ്പാൾമാരിൽ നിക്ഷിപ്തമായിരിക്കും.
- സ്കോൾ-കേരളയുമായുള്ള എല്ലാ കത്തിടപാടുകളും പ്രിൻസിപ്പാൾ മുഖാന്തിരമാണ് നടത്തേണ്ടത്.
- അധ്യാപകരുടെയും അനധ്യാപകരുടെയും പ്രതിഫലവും സ്കൂളിലുള്ള മെയിന്റനൻസ് (ലാബ്) ഫീസ് ക്ലെയിം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പൂർണ ഉത്തരവാദിത്തം പ്രിൻസിപ്പാളിനായിരിക്കും.

## കോഡിനേറ്ററുടെ ചുമതലകൾ

- ഡി.സി.എ ക്ലാസ് നടത്തുന്നതിനും ആയതിനുള്ള സൗകര്യങ്ങൾ ഒരുക്കി ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനും ഉള്ള ഉത്തരവാദിത്തം കോഡിനേറ്റിംഗ് അധ്യാപകനാണ്.
- സ്കോൾ-കേരള നിർദേശിക്കുന്ന ടൈംടേബിളിൽ വ്യത്യസ്തമായി ക്ലാസുകൾ ക്രമീകരിക്കുന്നു എങ്കിൽ ആയത് എക്സിക്യൂട്ടീവ്ഡയറക്ടറെ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്.
- അധ്യാപകർ, ലാബ് അറ്റന്റർ, വിദ്യാർഥികൾ എന്നിവരുടെ ഹാജർനില കൈകാര്യം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം കോഡിനേറ്റിംഗ് അധ്യാപകനാണ്.
- സ്കോൾ-കേരളനിർദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തുകയും ആയത് കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- സ്കോൾ-കേരള നൽകുന്ന യൂസർ നയിം, പാസ്‌വേഡ് ഉപയോഗിച്ച് കോഡിനേറ്റിംഗ് ടീച്ചർക്ക് സ്കോൾ-കേരള വെബ്സൈറ്റിലൂടെ വിദ്യാർഥികൾ ഫീസ് അടച്ച വിവരം യഥാ സമയം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
- അലോട്ട്മെന്റ് കിട്ടിയ വിദ്യാർഥികളിൽ നിന്ന് അപേക്ഷയുടെ പ്രിന്റ് ഔട്ടും ഒറിജിനൽ ചെലാനും യോഗ്യത തെളിയിക്കുന്ന പകർപ്പും അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വാങ്ങേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഒറിജിനലുമായി ഒത്തു നോക്കി പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സ്കോൾ-കേരള നിർദേശ പ്രകാരം സംസ്ഥാന ഓഫീസിൽ തപാൽ മാർഗം അയയ്ക്കേണ്ടതാണ്.
- അഡ്മിഷൻ പൂർത്തിയാക്കിയ ശേഷം സ്കോൾ-കേരള ഡി.സി.എ വിദ്യാർഥികൾക്ക് തിരിച്ചറിയൽ കാർഡ് വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്നതാണ്. ആയത് പ്രിന്റ്ഔട്ട് എടുത്ത് മേലൊപ്പു ചെയ്ത് വിദ്യാർഥികൾക്ക് നൽകേണ്ടതാണ്.

- ഡി.സി.എ കോഴ്സുമായി ബന്ധപ്പെട്ട ജീവനക്കാരുടെ വേതന ബില്ല് യഥാസമയം പ്രിൻസിപ്പാൾ മുഖാന്തിരം സ്കോൾ-കേരളയുടെ സംസ്ഥാന് ഓഫീസിൽ എത്തിക്കേണ്ടതാണ്.

- ഡി.സി.എ കോഴ്സുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കത്തിടപാടുകളും പ്രിൻസിപ്പാൾ മുഖാന്തിരം ഏകോപിപ്പിക്കേണ്ടത് കോഡിനേറ്റിംഗ് അധ്യാപകനാണ്.

- ഡി.സി.എ കോഴ്സുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പ്രിൻസിപ്പാളിന്റെ അറിവോടുകൂടിയായിരിക്കണം നടത്തേണ്ടത്.

- കോഴ്സുമായി ബന്ധപ്പെട്ട പ്രവേശനം, ക്ലാസുകൾ, പരീക്ഷ എന്നീ അറിയിപ്പുകൾ സ്കോൾ-കേരള സംസ്ഥാന ഓഫീസിന്റെ നിർദേശാനുസരണം എല്ലാ പ്രാദേശിക പത്രങ്ങളിലൂടെയും അറിയിക്കേണ്ടതാണ്.

**അനുവദിച്ചിട്ടുള്ള പ്രതിഫലം**

| | | |
|---|---|---|
| - പ്രിൻസിപ്പാൾ | - | Rs. 6000/- ബാച്ച്. |
| - കോഡിനേറ്റിംഗ് ടീച്ചർ | - | Rs.12000/- ബാച്ച് |
| - ക്ലാസുകൾ കൈകാര്യം ചെയ്യുന്ന ടീച്ചർ | - | Rs.200/- മണിക്കൂറിന് |
| - ലാബ് അസിസ്റ്റന്റ് | - | Rs.100/- 3 മണിക്കൂറിന് |
| - ലാബ് മെയിന്റനൻസ് | - | Rs. 400/- വിദ്യാർഥി |

**എക്സിക്യൂട്ടീവ് ഡയറക്ടർ**